"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം -കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. പ്രേംജിത്ത് പി. പി - യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരാവകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1290/2025/LSGD തീയതി,തിരുവനന്തപുരം, 25-05-2025

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസറുടെ 05.10.2015ലെ എ ആർ II (3)1324/2011(2) നമ്പർ നിയമന ശിപാർശ
2. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.11.2015ലെ ഇ3-528/2011 നമ്പർ നടപടിക്രമം
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.11.2015ലെ ഇ3-528/2011 നമ്പർ നടപടിക്രമം
4. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.12.2015ലെ ഇ2-12210/2015(1) നമ്പർ നടപടിക്രമം
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ല ഓഫീസറുടെ 09.02.2016ലെ എ ആർ II (3) 2906/2013(4) /4 നമ്പർ പുനർനിയമന ശുപാർശ
6. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.02.2016 തീയതിയിലെ ഇ3-528/2011/1) നമ്പർ നടപടിക്രമം
7. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08.08.2022ലെ ഇ3-25693/2011(1) നമ്പർ നടപടിക്രമം
8. തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24.09.2024ലെ LSGD/JD/ALP/6415/24-D4 നമ്പർ നടപടിക്രമം
9. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.03.2025ലെ LSGD/PD/36692/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. പ്രേംജിത്ത് പി. പി - യുടെ പ്രൊബേഷൻ കാലയളവ് 04.03.2019 മുതൽ 12.05.2019 വരെ ദീർഘിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (9) പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. ശ്രീ. പ്രേംജിത്ത് പി പി, പരാമർശം (1), (2) പ്രകാരം, 02.12.2015 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും ഒഴിവിന്റെ അഭാവത്തിൽ ടിയാനെ പരാമർശം (3), (4) പ്രകാരം 02.12.2015 ൽ തന്നെ Retrench ചെയ്തിട്ടുള്ളതാണെന്നും, പരാമർശം (5), (6) പ്രകാരം പുനർ നിയമനം നൽകിയതിന്റെ അടിസ്ഥാനത്തിൽ 04.03.2016- ൽ ടിയാൻ സേവനത്തിൽ പ്രവേശിച്ചിരുന്നുവെന്നും, പരാമർശം (7) പ്രകാരം ടിയാന്റെ നിയമനം ക്രമവൽകരിച്ചിട്ടുള്ളതാണെന്നും, നിരീക്ഷണ കാലയളവിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ പാസാകാത്തതിനാൽ പരാമർശം (8) പ്രകാരം 04.03.2018 മുതൽ ഒരു വർഷത്തേക്ക് ശ്രീ. പ്രേംജിത്ത് പി.പിയുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ടെന്നും, ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും ടിയാൻ

11.05.2019 തീയതിയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ പാസായിട്ടുണ്ടെന്നും പരാമർശം (9) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (9) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ പ്രേംജിത്ത്.പി.പി-യുടെ പ്രൊബേഷൻ 12.05.2019 തീയതിയിൽ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻകാലം KS&SSR Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 04.03.2019 മുതൽ 13.05.2019 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള,തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, ആലപ്പുഴ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.പ്രേംജിത്ത് പി. പി, ക്ലർക്ക്, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ. ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.83/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 26-05-2025 10:03:27